**പതിനഞ്ചാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 54** **16-09-2025-ൽ മറുപടിയ്ക്ക്**

**ദുരന്ത നിവാരണ-പുനരധിവാസ പ്രവർത്തനങ്ങൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ

ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ

ശ്രീ. ലിന്റോ ജോസഫ്

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. കെ. എം. സച്ചിൻദേവ്

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** സംസ്ഥാനത്തുണ്ടായിട്ടുള്ള പ്രകൃതിദുരന്തങ്ങളിൽ സർക്കാരും നാനാവിഭാഗം ജനങ്ങളും കൈകോർത്തുപിടിച്ച് ദുരന്ത നിവാരണ-പുനരധിവാസ പ്രവർത്തനങ്ങൾ നടത്തുന്നത് സംസ്ഥാനത്തെ ജനങ്ങളുടെ മാനവീയബോധവും യശസ്സും ഉയർത്തിപ്പിടിക്കുന്ന മാതൃകാപരമായ പ്രവൃത്തിയായി വിലയിരുത്തിയിട്ടുണ്ടോ;

**മറുപടി:** വിലയിരുത്തിയിട്ടുണ്ട്.

**(ബി)** വയനാട് ദുരന്തനിവാരണ-പുനരധിവാസ പ്രവർത്തനങ്ങൾക്കായി വാഗ്ദാനങ്ങൾ നൽകിയ സംഘടനകളും, സ്ഥാപനങ്ങളും വ്യക്തികളും ആരെല്ലാമാണെന്നും നാളിതുവരെ അവർ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ;

**മറുപടി:** വയനാട് ദുരന്ത നിവാരണ പുനരധിവാസ പ്രവർത്തനങ്ങൾക്കായി വാഗ്ദാനങ്ങൾ നൽകിയ സംഘടനകൾ, സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവർ വാഗ്ദാനം ചെയ്ത സഹായങ്ങളെ കുറിച്ച് സർക്കാരിൽ ലഭ്യമായ വിവരങ്ങൾ അനുബന്ധം I, II ആയി ചേർത്തിരിക്കുന്നു.

**(സി)** ദുരന്തമേഖലയിലെ പുനരധിവാസത്തിനായി ജനങ്ങളിൽ നിന്നും വിവിധ തരത്തിൽ ധനസമാഹരണം നടത്തുകയും ആയത് യഥാവിധി പുനരധിവാസ പ്രവർത്തനങ്ങൾക്ക് ചെലവഴിക്കാതിരിക്കുകയും ചെയ്യുന്നതായി വരുന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

**മറുപടി:** സംസ്ഥാനത്തുണ്ടായ ദുരന്തങ്ങളുടെ പേരിൽ ജനങ്ങളിൽ നിന്നും വ്യാപകമായി പണപ്പിരിവ് നടത്തുകയും ആയത് യഥാസമയം ദുരിതബാധിതർക്ക് നൽകാതെ കൈവശം സൂക്ഷിക്കുകയും ചെയ്യുന്ന സംഘടനകൾക്കെതിരെ ആലപ്പുഴ പോലീസ് ജില്ലയിൽ ലഭിച്ച പരാതിയിൽ കായംകുളം പോലീസ് സ്റ്റേഷനിൽ ക്രൈം നം. 1767/2024 U/s 318(4), 3(5) BNS പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്.

**സെക്ഷൻ ഓഫീസർ**